# മാർത്തോമ്മാ സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ് പ്രസിഡന്റ്
# ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായിൽ നിന്നും

**കല്പന നമ്പർ 1**

കർത്താവിൽ പ്രിയരേ,

മാർത്തോമ്മാ സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ് സഭയുടെ അംഗീകൃത സ്ഥാപനയായി രൂപീകരിച്ചതിൻ പ്രകാരം 2023 ഡിസംബർ 9-ാം തീയതി ഭരണഘടനാനുസൃതം ഔദ്യോഗിക ഭാരവാഹികളെയും കമ്മറ്റി അംഗങ്ങളെയും തെരഞ്ഞെടുത്തു.

ഔദ്യോഗിക ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ട

റവ. ഡോ. പി.റ്റി. ജേക്കബ്, വൈദീക വൈസ് പ്രസിഡന്റ്
ശ്രീ. ഏബ്രഹാം വർഗീസ്, അത്മായ വൈസ് പ്രസിഡന്റ്
പ്രൊഫ. & അഡ്വ. ഏബ്രഹാം ജോസഫ്, ജനറൽ സെക്രട്ടറി
ശ്രീ. ജേക്കബ് ജോർജ്, ട്രഷറാർ എന്നിവർ ചുമതലയിൽ പ്രവേശിച്ചു.

പ്രഥമ കേന്ദ്ര കമ്മറ്റി 2024 ജനുവരി മാസത്തിൽ കൂടി പ്രവർത്തന പരിപാടികൾക്ക് രൂപം നൽകുന്നതാണ്. താഴെപ്പറയുന്ന കാര്യങ്ങളിൽ എല്ലാവരുടെയും അടിയന്തിര ശ്രദ്ധ ഉണ്ടാകണം.

(1) 2024 മാർച്ച് 15 ന് മുമ്പായി എല്ലാ ഭദ്രാസന കമ്മറ്റികളും യോഗം ചേർന്ന് കേന്ദ്ര കമ്മറ്റിയിൽ നിന്നു ലഭിക്കുന്ന ശുപാർശകൾ, നിർദ്ദേശങ്ങൾ എന്നിവ പഠിച്ച് 31.03.2025 വരെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകണം. 2024 മെയ് 31 നു മുമ്പ് പൊതുയോഗം കൂടി പ്രവർത്തനപരിപാടികൾക്ക് അംഗീകാരം വാങ്ങി പ്രവർത്തനം കാര്യക്ഷമമാക്കണം.

(2) ഇതേവരെ ശാഖകൾ രൂപീകരിക്കാത്ത ഇടവകകളിൽ ശാഖകൾ രൂപീകരിക്കുകയും കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യുകയും വേണം

(3) എല്ലാ വർഷവും മാർച്ച് 15 ന് മുമ്പായി എല്ലാ ഇടവകകളിലെയും ശാഖയിലെ അംഗങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ച്, ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ, അത് പരിഹരിച്ച്, പുതുക്കിയ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതും മെയ് മാസം 31 ന് മുമ്പായി ഇടവകയിലെ സീനിയർ സിറ്റിസൺസ് വാർഷിക പൊതുയോഗത്തിൽ പുതിയ വർഷത്തേക്കുള്ള ശാഖയുടെ ഔദ്യോഗിക ഭാരവാഹികൾ, കമ്മറ്റി അംഗങ്ങൾ, ഇടവക കൈസ്ഥാന സമിതി പ്രതിനിധി, കണക്ക് പരിശോധകർ എന്നിവരെ തെരഞ്ഞെടുക്കേണ്ടതുമാണ്.

കേന്ദ്രതലത്തിലുള്ള പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ അതത് സമയങ്ങളിൽ ജനറൽ സെക്രട്ടറി എല്ലാ ശാഖകളെയും അറിയിക്കുന്നതാണ്.

സഭയിലെ മുതിർന്ന പൗരരുടെ മാനസികവും ആത്മീകവും ധാർമ്മീകവും സാംസ്കാരികവുമായ വളർച്ചയ്ക്കും ശാക്തീകരണത്തിനും ശാരീരിക സൗഖ്യത്തിനും സഹായിക്കുന്നതിനും സഭയിലും സമൂഹത്തിലുമുള്ള എല്ലാ മുതിർന്ന ആളുകൾക്കും കൂട്ടായ്മയും സഹകരണവും സാന്ത്വനവും ഉറപ്പ് വരുത്തുന്നതിനും അവരെ സമൂഹ ത്തിന്റെ മുഖ്യധാരയിൽ നിലനിർത്തുന്നതിന് യത്നിക്കുന്നതിനും കുടുംബത്തിലും ഇടവകയിലും സഭയിലും ക്രിസ്തീയ സാക്ഷ്യം നിർവ്വഹിക്കുന്നതിനും ആരാധനയിലും സഭാ ശുശ്രൂഷകളിലും സുവിശേഷ പ്രഘോഷണ ത്തിലും അവരെ സജ്ജരാക്കുന്നതിനും രൂപീകൃതമായ സീനിയർ സിറ്റിസൺസ് ഫെലോഷിപ്പിന്റെ വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങൾ എല്ലാവർക്കും അനുഗ്രഹകരമായിത്തീരട്ടെ.

കർത്താവ് യേശു മ്ശിഹായുടെ കൃപ നിങ്ങളോട് ഏവരോടും കൂടെയിരിക്കുമാറാകട്ടെ

എന്ന് തിരുവല്ല പൂലാത്തീനിൽ നിന്നും 2024 ജനുവരി മാസം 4 -ാം തീയതി

Theodosius Metropolitan

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**
**മാർത്തോമ്മാ സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ് പ്രസിഡന്റ്.**

# FROM THE PRESIDENT OF THE MAR THOMA SENIOR CITIZENS FELLOWSHIP
# DR. THEODOSIUS MAR THOMA METROPOLITAN

## Circular No. 1

Dearly beloved in Christ,

As the Mar Thoma Senior Citizens Fellowship was constituted as a recognized organization of the Church, the election of its office bearers and committee members was held as per the constitution on 9th December 2023.

The following are elected as the office bearers and have entered into office:

Rev. Dr. P. T. Jacob, Clergy Vice President
Mr. Abraham Varghese, Lay Vice President
Prof. & Adv. Abraham Joseph, General Secretary
Mr. Jacob George, Treasurer.

The first Kendra committee will meet in January 2024 and formulate the future course of activities. The urgent attention of all is invited to the following matters:

(1) All Diocesan Committees should meet by March 15, 2024, and study the recommendations and instructions received from the Kendra Committee, and formulate the activities till 31.03.2025. A General Body meeting should be held by May 31, 2024, for approval of the activities to make the work efficient.
(2) Shakhas should be formed in parishes where they have not been formed yet, and they should be registered at the Kendram.
(3) The list of members of the Shakhas in all parishes must be published before 15th March every year. If there are any objections, they must be resolved and the revised final list must be published. In the Annual General Body Meeting of the Senior Citizens Fellowship of the parish for the new year held by 31st May, the office bearers, committee members, the representative to the Kaisthana Samithi, and auditors should be elected.

The General Secretary will inform all the Shakhas about the activities at the Kendram from time to time.

May the various activities of the Mar Thoma Senior Citizens Fellowship, begun with the objectives of assisting in the mental, spiritual, moral and cultural growth, empowerment and physical healing of the senior citizens of the Church, ensuring fellowship, cooperation and comfort to all senior citizens in the Church and society and to keep them in the mainstream of society, equipping them to carry out Christian witness in the family, parish and Church and to participate in worship, church services and proclamation of the Word of God, become a blessing for all.

May the Grace of the Lord Jesus Christ be with you all.

Dated 4th January 2024 from Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**